ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി. സി. കബീർ) : സർ, വിവിധ ചികിത്സാ രീതികൾ കൈകാര്യം ചെയ്യുന്ന ഡോക്ടർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് ഒരു പൊതു നിയമം നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നിലവിലില്ല. തിരുവിതാംകൂർ-കൊച്ചി പ്രദേശത്ത് 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമമാണ് ഇപ്പോഴും നിലവിലുള്ളത്. മലബാർ പ്രദേശത്ത് 1914-ലെ മദ്രാസ് മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് നിയമവും നിലനിൽക്കുന്നു. മേൽപ്പറഞ്ഞതിനു പുറമെ രജിസ്ട്രേഷന്റെ കാര്യത്തിൽ വ്യത്യസ്തമായ നിയമമാണ് ഓരോ ചികിത്സാ സമ്പ്രദായത്തിലുമുള്ളത്. അതിനാൽ സംസ്ഥാനത്ത് മൊത്തമായി എല്ലാ ചികിത്സാ സമ്പ്രദായങ്ങൾക്കും ബാധകമാകത്തക്കവണ്ണം ഒരു നിയമം ഉണ്ടാക്കുന്നതിനായി 'കേരള മെഡിക്കൽ പ്രാക്ടീഷ്ണേഴ്സ് ബിൽ' എന്ന പേരിൽ ഒരു കരട് ബിൽ തയ്യാറാക്കുകയുണ്ടായി. മന്ത്രിസഭയുടെ അംഗീകാരത്തിനു ശേഷം കരട് ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനു മുൻപായി ഗവർണറുടെയും ഗവർണറുടെ ശുപാർശയ്ക്കു പുറമെ കേന്ദ്ര സർക്കാരിന്റെയും അനുമതിയും ആവശ്യമായതിനാൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു കൊടുക്കുകയുണ്ടായി. എന്നാൽ കരട് ബില്ലിലെ ചില വ്യവസ്ഥകൾ കേന്ദ്ര ആക്ടിനു വിരുദ്ധമായതിനാൽ പുനഃപരിശോധിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാർ നിരാകരിക്കുകയുണ്ടായി. പ്രസ്തുത വ്യവസ്ഥകൾ നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിക്കുകയും ന്യൂനതകൾ പരിഹരിച്ച് വീണ്ടും കേന്ദ്രസർക്കാരിന് അയയ്ക്കാനുള്ള നടപടികൾ എടുത്തു വരികയാണ്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനുശേഷം പ്രസ്തുത ബിൽ പ്രാവർത്തികമാക്കുമ്പോൾ ഇതു സംബന്ധിച്ച് ആശങ്കകൾ ദൂരീകരിക്കപ്പെടുമെന്നും ഏകീകൃതമായ നിയമം നടപ്പിൽ വരുമെന്നും ഗവൺമെന്റ് കരുതുന്നു.

(13) കീരംപാറ പഞ്ചായത്തിലെ ക്രമക്കേടുകൾ

ശ്രീ. വി. ജെ. പൗലോസ് : സർ, എന്റെ നിയോജകമണ്ഡലമായ കോതമംഗലത്തെ കീരംപാറ പഞ്ചായത്തിലെ ജനകീയാസൂത്രണ പ്രവർത്തനത്തിൽ നടന്നിട്ടുള്ള ഗുരുതരമായ അഴിമതിയെ സംബന്ധിച്ച് നടത്തിയ അന്വേഷണങ്ങളിൽ ഗവൺമെന്റിന്റെ അനാവശ്യമായ കൈകടത്തൽമൂലമുണ്ടായ ഗുരുതരമായ സ്ഥിതിവിശേഷമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. നമ്മുടെ സംസ്ഥാന നിയമസഭ പാസ്സാക്കിയ പഞ്ചായത്ത് രാജ് നിയമമനുസരിച്ച് ത്രിതല പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള വർദ്ധിച്ച അധികാരങ്ങൾ കൈകാര്യം ചെയ്യുന്ന സന്ദർഭത്തിൽ ഉണ്ടായിട്ടുള്ള ഏകാധിപത്യ പ്രവണത, ജനാധിപത്യ ധ്വംസനം, അഴിമതി, സ്വജന പക്ഷപാതം ആദിയായവ നിത്യ സംഭവങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ തീർച്ചയായും ഒരു പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ച് അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ആരെങ്കിലും മുന്നോട്ടുവന്നാൽ അത് നിഷ്പക്ഷവും നീതിപൂർവവുമായി നടത്തിക്കൊടുക്കേണ്ട കാര്യത്തിൽ സർക്കാർ ആത്മാർത്ഥത കാണിക്കേണ്ടത് മറ്റു പല പഞ്ചായത്തുകൾക്കും ബാധകമാകത്തക്കരീതിയിൽ അത്യാവശ്യമായ കാര്യമാണ്. ഞാൻ ഈ സംഭവം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ദിവസം ബില്ലിന്റെ ചർച്ചാവേളയിൽ ഉന്നയിച്ചിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ മന്ത്രി ഒരു വാക്കുപോലും അതിന് മറുപടി പറയാൻ തയ്യാറായിട്ടില്ല. കീരംപാറ പഞ്ചായത്തിനെ സംബന്ധിച്ച് എഴുതി ഉന്നയിച്ച ആരോപണങ്ങളുടെ പ്രസക്ത ഭാഗം മാത്രം സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. പഞ്ചായത്തിന്റെ മിനിട്ട്സ് ബുക്കിൽ വെട്ടലുകളും തിരുത്തലുകളും വരുത്തി കൃത്രിമം കാണിക്കുകയും അജണ്ടയിലെ വിഷയങ്ങളിൽ ഇല്ലാത്ത തീരുമാനങ്ങൾ കളവായി രേഖപ്പെടുത്തുകയും മിനിട്ട്സ് ബുക്ക് മാറ്റിയെഴുതുകയും റോഡുകളുടെ ടാറിംഗ് നടത്താതെ ടാറിംഗ് നടത്തിയതായി കാണിച്ച് തുക എഴുതിയെടുക്കുകയും സമ്പന്നരായ അഞ്ച് പഞ്ചായത്ത് അംഗങ്ങൾ സന്നിഹിതരായ യോഗത്തിലെ തീരുമാനപ്രകാരം പാവങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ കൈപ്പറ്റുകയും. പഞ്ചായത്ത് പ്രസിഡന്റ് കടയിൽനിന്നും കളവായി വൗച്ചർ വാങ്ങി ലക്ഷക്കണക്കിനു രൂപയുടെ അഴിമതി നടത്തുകയും പഞ്ചായത്ത് തീരുമാനമില്ലാതെയും ക്വട്ടേഷൻ വാങ്ങാതെയും പഞ്ചായത്ത് സെക്രട്ടറി രണ്ടു ലക്ഷത്തിൽപ്പരം രൂപയുടെ 11 ടി.വി. വാങ്ങിക്കുകയും കമ്മിറ്റി തീരുമാനമില്ലാതെ 1200 രൂപയിൽ താഴെ വിലയുള്ള 40 പശുക്കളെ വാങ്ങി 3,000 രൂപ വിലവച്ച് 1,20,000 രൂപ ചെലവ് എഴുതിയെടുക്കയും 11 പ്രോജക്ടുകൾ മിനിട്ട്സിന്റെ മാർജിൻ കോളത്തിനിടയ്ക്കു കയറ്റി എഴുതുകയും കൃത്രിമം നടത്തുകയും ഗ്രാമസഭ തീരുമാനം ഇല്ലാതെയും ഗുണഭോക്തൃ ലിസ്റ്റിൽ പേരില്ലാതെയും 56 പേർക്ക് വീട് നൽകുകയും ഹൈക്കോടതിയും സർക്കാരും കളക്ടറും പഞ്ചായത്ത് ഡയറക്ടറുമൊക്കെ ഉത്തരവിട്ടിട്ടും മിനിട്ട്സ് ബുക്കിന്റെ സുതാര്യ രേഖകളുടെ പകർപ്പ് പഞ്ചായത്ത് അംഗത്തിന് നൽകാതിരിക്കുകയും ചെയ്തതു ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങൾ അക്കമിട്ട് ഉന്നയിച്ചുകൊണ്ട് നൽകിയിട്ടുള്ള പരാതികളെ സംബന്ധിച്ച് നടപടി സ്വീകരിക്കാതെ വന്നപ്പോൾ ഇതു സംബന്ധിച്ച് സർക്കാരിനും മേലധികാരികൾക്കും പരാതികൾ നൽകുകയും ഹൈക്കോടതിയിൽ ഹർജികൾ സമർപ്പിക്കുകയും ശ്രീ. ടി. എം. ജേക്കബ് എം. എൽ. എ. 12-7-1997-ൽ അസംബ്ലിയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും ചെയ്തപ്പോൾ സമഗ്രവും നിഷ്പക്ഷവുമായ അന്വേഷണം നടത്തുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകുകയും പരാതികളിൻമേൽ രണ്ടു മാസത്തിനകം തീർപ്പ് കൽപ്പിക്കണമെന്ന് ഹൈക്കോടതി വിധിക്കുകയും ചെയ്ത സംഭവത്തെ സംബന്ധിച്ച് അന്വേഷണം ഒരു വർഷക്കാലം നീണ്ടുപോയി. അങ്ങനെ എല്ലാ അന്വേഷണങ്ങളും പൂർത്തിയായി വിധി പറയേണ്ട സന്ദർഭം ആയപ്പോൾ ഈ കേസ് കേട്ട അഡീഷണൽ ഡയറക്ടറെ പ്രസ്തുത കേസ് അന്വേഷണത്തിന്റെ ചുമതലയിൽ നിന്നും മാറ്റുകയും മറ്റൊരാളെ ഏൽപിക്കുകയും ചെയ്തു. ഇതു സംബന്ധിച്ച അന്വേഷണത്തിന് ഒരു വർഷം ആവശ്യം ആയിരിക്കെ പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി തീരാൻ കേവലം ആറു മാസം മാത്രമുള്ള സന്ദർഭത്തിൽ അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റി മറ്റൊരാളെ നിയമിക്കുക എന്നുപറഞ്ഞാൽ കുറ്റം ചെയ്ത ആളുകളെ രക്ഷിക്കുന്നതിന് സർക്കാർ കൂട്ടുനിൽക്കുന്നു എന്നുള്ളതാണ് അതുകൊണ്ട് മനസ്സിലാകുന്നത്. അതിനാൽ അന്വേഷണം പൂർത്തിയാക്കുന്നതിനും കുറ്റക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, കീരംപാറ പഞ്ചായത്ത് യോഗങ്ങളുടെ മിനിട്ട്സിന്റെ കോപ്പി തനിക്ക് നൽകുന്നില്ലെന്നും അത് കൃത്യമായി രേഖപ്പെടുത്തുന്നില്ലെന്നും പ്രസ്തുത പഞ്ചായത്തിന്റെ 1999-2000 വർഷത്തെ പദ്ധതി രേഖയ്ക്ക് ഡി.പി.സി. അംഗീകാരം നൽകരുതെന്നും അംഗീകാരം നൽകിയിട്ടുള്ളത് പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 11-6-1999-നും 7-7-1999-നും IV-ാം വാർഡ് അംഗമായ ശ്രീമതി മെഴ്സി വർക്കിയും ഭർത്താവ് ശ്രീ. കെ. പി. വർക്കിയും കൂടി നൽകിയ പരാതികളെക്കുറിച്ച് അന്വേഷിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. 1999 ആഗസ്റ്റ് മുതൽ അന്വേഷണം നടന്നുവരികയാണ്. മേൽ വിചാരണ വേളയിലും അല്ലാതെയും ശ്രീ. വർക്കിയും ഭാര്യ ശ്രീമതി മേഴ്സി വർക്കിയും കീരംപാറ ഗ്രാമ പഞ്ചായത്തിനെതിരെ നിരവധി പരാതികൾ നൽകിയിരുന്നു. ഇതിനിടെ അവർ ഹൈക്കോടതിയിൽ നൽകിയ 19307/99-ാം നമ്പർ കേസിൽ 26-11-1999-ൽ ഉണ്ടായ വിധിയിൽ തുടങ്ങി വച്ച അന്വേഷണം രണ്ടു മാസത്തിനകം തീർപ്പു കല്പിക്കണമെന്നും തീരുമാനിച്ചിരുന്നു. ഇതിനിടെ 12-1-2000-ൽ പഞ്ചായത്ത് പ്രസിഡന്റ് അഡീഷണൽ ചീഫ് സെക്രട്ടിക്കും 31-2-2000-ൽ എനിക്കും നൽകിയ പരാതിയിൽ അന്വേഷണ ഉദ്യോഗസ്ഥനെ സംബന്ധിച്ച് ഗുരുതരമായ ചില ആരോപണങ്ങൾ ഉന്നയിക്കുകയുണ്ടായി. അന്വേഷണ ഉദ്യോഗസ്ഥൻ പരാതിക്കാരുമായി പക്ഷം ചേർന്ന് പരാതിയെക്കുറിച്ച് തെളിവെടുപ്പു നടത്തി തീരുമാനമാക്കാതെ ആവശ്യമില്ലാതെ നീട്ടിക്കൊണ്ടുപോകുകയാണെന്നും പഞ്ചായത്തിന്റെ 1999-2000-മാണ്ടിലെ പദ്ധതി നടത്തിക്കാതിരിക്കാൻ പരാതിക്കാരുമായി കൂട്ടു നിൽക്കുകയാണെന്നും പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്നും നീതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെന്നും ആരോപിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ അഡീഷണൽ സെക്രട്ടറിയെ അന്വേഷണ ചുമതലയിൽനിന്നും ഒഴിവാക്കി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയോട് നേരിട്ട് അന്വേഷിക്കാൻ ഉത്തരവായിരിക്കുകയാണ്.

(14) മണ്ണാർക്കാട് മണ്ഡലത്തിലെ എടത്തനാട്ടുകര പ്രദേശത്തെ പുതിയ പഞ്ചായത്ത്

ശ്രീ. ജോസ് ബേബി : സംസ്ഥാനത്തെ ഏറ്റവും വലിപ്പമുള്ള പഞ്ചായത്തുകളിലൊന്നാണ് മണ്ണാർക്കാട്ടെ അലനല്ലൂർ പഞ്ചായത്ത്. ഏറെക്കാലമായി വികസന പ്രവർത്തനം അധികമൊന്നുമില്ലാത്ത അലനല്ലൂർ പഞ്ചായത്തിലെ എടത്തനാട്ടുകര എന്ന പ്രദേശത്ത് ഒരു പുതിയ പഞ്ചായത്ത് രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രോപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളുടെ നിരന്തരമായ ആവശ്യം അവിടെ ഒരു പുതിയ പഞ്ചായത്ത് ഉണ്ടാക്കണം എന്നതായിരുന്നു. ആ പ്രദേശത്ത് ഒരു പഞ്ചായത്ത് ഉണ്ടായെങ്കിൽ മാത്രമേ വികസനപ്രവർത്തനങ്ങൾ സാദ്ധ്യമാവുകയുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി മുൻകൈയെടുത്ത് അലനല്ലൂർ പഞ്ചായത്തിനെ രണ്ടായി വിഭജിച്ച് എടത്തനാട്ടുകരയിൽ പുതിയ ഒരു പഞ്ചായത്ത് രൂപീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly